**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2506.** **01-04-2013-ലെ മറുപടിയ്ക്ക്**

**തൊഴിലുടമ-തൊഴിലാളി ബന്ധം ശക്തമാക്കുന്നതിന് നടപടി**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.പി.തിലോത്തമൻ : | ശ്രീ. ഷിബു ബേബിജോൺ<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തൊഴിലുടമ-തൊഴിലാളി ബന്ധം ശക്തമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾക്കോ നിയമനിർമ്മാണത്തിനോ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ; | (എ) 1948-ലെ തൊഴിൽ തർക്ക നിയമത്തിൽ തൊഴിലുടമ - തൊഴിലാളി ബന്ധം ശക്തമാക്കുന്നതിന് വ്യക്തമായ വ്യവസ്ഥകളാണ് നിലവിലുള്ളത് |
| (ബി) പ്രതിദിന വേതനത്തിനാണെങ്കിലും സ്ഥിരമായിട്ടാണെങ്കിലും ജോലി ചെയ്യുന്ന തൊഴിലാളിക്ക് തൊഴിലുടമ തങ്ങളെക്കൊണ്ട് ചെയ്യിക്കുന്ന ജോലിയുടെ ഗൗരവം, നിയമസാധുത, അപകടസാധ്യത, ജോലിക്കിടയിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടായാലും അപകടങ്ങൾ ഉണ്ടായാലും നിയമപരമായും കുഴപ്പങ്ങളില്ലാതെയും പരിഹരിക്കാനുള്ള ഉപാധികളെക്കുറിച്ചുള്ള അറിവ് എന്നിവ മുൻകൂട്ടി ലഭിക്കാനുള്ള സംവിധാനം നിലവിലുണ്ടോ;<br><br>(സി) ഇല്ലെങ്കിൽ ഓരോ തൊഴിലുടമയും തൊഴിലാളിയും ഇതു സംബന്ധിച്ച് മുൻകൂറായി ചെയ്യേണ്ട കാര്യങ്ങൾ ഒരു നിയമമായി നിർമ്മിക്കുമോ; | (ബി) യും (സി)യും:<br>എല്ലാ തൊഴിൽ നിയമങ്ങളെയും സംബന്ധിച്ച വിവരം ലേബർ കമ്മീഷണറുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. തൊഴിലാളികളുടെ സേവന -വേതന വ്യവസ്ഥകളും നിയമ പരിരക്ഷ സംബന്ധിച്ചുമുള്ള വ്യവസ്ഥകളും ടി വെബ്സൈറ്റിലൂടെ ലഭ്യമാണ്. |

(ഡി) ഇത്തരം ഒരു നിയമത്തിലൂടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, കള്ളക്കടത്ത് തുടങ്ങിയ നിയമവിരുദ്ധമായ പ്രവർത്തനങ്ങളിൽ നിന്നും തൊഴിലിന്റെയും കൂലിയുടെയും പേരിൽ അകപ്പെട്ടുപോകുന്ന പാവപ്പെട്ട തൊഴിലാളികളെ മുൻകൂറായി ബോദ്ധ്യപ്പെടുത്തുവാനും രക്ഷിക്കുവാനും സാധിക്കുമെന്ന് കരുതുന്നുണ്ടോ;

(ഇ) ഇപ്രകാരമുള്ള ബോധവൽക്കരണത്തിലൂടെയും മുന്നറിയിപ്പിലൂടെയും നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ നിന്ന് തൊഴിലാളികളെ രക്ഷിക്കുന്നതിനും,
തൊഴിലുടമയ്ക്കുവേണ്ടി നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ സഹായിക്കുന്ന തൊഴിലാളികളെ പ്രധാന പ്രതികളെപ്പോലെ കണ്ട് നിയമ നടപടികൾ എടുക്കുന്നതിനും കഴിയുന്ന നിയമങ്ങൾ നിലവിലുണ്ടോ എന്നു പറയാമോ?

(ഡി) യും (ഇ) യും:
ഇത്തരം കാര്യങ്ങൾ തൊഴിൽ നിയമങ്ങളിൽ വ്യവസ്ഥ ചെയ്യുന്നില്ല.

സെക്ഷൻ ഓഫീസർ